**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2146 | 07.03.2017 ൽ മറുപടിക്ക്

## മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ക്വാർട്ടേഴ്സിന്റെ ശോച്യാവസ്ഥ

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ക്വാർട്ടേഴ്സിന്റെ ശോച്യാവസ്ഥ കാരണം ഡോക്ടർമാർക്ക് താമസിക്കുവാൻ കഴിയാത്ത സാഹചര്യം നിലവിലുള്ളതിനാൽ ഡോക്ടറുടെ സേവനം പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനായി ക്വാർട്ടേഴ്സിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (എ) | മുല്ലശ്ശേരി സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ 6 (ആറ്) സ്റ്റാഫ് ക്വാർട്ടേഴ്സുകൾ ഉണ്ട്. ഇതിൽ 2 എണ്ണം ഡോക്ടർമാർക്ക് വേണ്ടിയുള്ളതാണ്. ഇതിന്റെ പരിസരത്തുള്ള മരങ്ങളുടെ വേരുകൾ കെട്ടിടത്തിന്റെ തറയിലേക്കിറങ്ങിയതിനാൽ തറയ്ക്ക് വിള്ളൽ സംഭവിച്ചിട്ടുണ്ട്. അവയുടെ കാലപ്പഴക്കവും ശോചനീയാവസ്ഥയും മൂലം ക്വാർട്ടേഴ്സുകൾ പൊളിച്ച് പുതിയ നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട എം.എൽ.എ-യോട് ശുപാർശ ചെയ്യുന്നതിനായി എച്ച്.എം.സി തീരുമാനം എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ